**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4391** **19.10.2011-ൽ മറുപടിയ്ക്ക്**

**തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. മഞ്ഞളാംകുഴി അലി :** | **ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)** |
| (എ) ഇളനീരിന്റെ ഉപഭോഗത്തിന് അന്താരാഷ്ട്ര തലത്തിൽ തന്നെ പ്രാധാന്യം വർദ്ധിച്ചു വരുന്നതു സംബന്ധിച്ച വിവരങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;<br>(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) & (ബി)<br>കേന്ദ്ര സർക്കാർ നാളികേര വികസന ബോർഡിനെ തൊണ്ടിൽ നിന്നും ചകിരിയിൽ നിന്നുമുള്ള ഉല്പന്നങ്ങളൊഴിച്ചുള്ള എല്ലാ നാളികേര ഉല്പന്നങ്ങളുടെയും എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലായി പ്രഖ്യാപിച്ചിട്ടുണ്ട്. നാളികേരത്തിൽ നിന്നുള്ള ഇളനീർ പാനീയം കേടു കൂടാതെ സൂക്ഷിക്കുന്നതിനുള്ള സാങ്കേതിക വിവരം നാളികേര വികസന ബോർഡിൽ ലഭ്യമാണ്. സ്നോബോൾ ഇളനീർ, പായ്ക്ക് ചെയ്ത ഇളനീർ പാനീയം എന്നിവയ് ക്കുള്ള പ്രചാരം നാളികേര വികസന ബോർഡു വഴി നടത്തുന്നുണ്ട്. |
| (സി) കരിക്ക് ഉല്പാദന-വിപണന രംഗത്തെ പുരോഗതിക്കായി സർക്കാർ ഇപ്പോൾ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (സി) കരിക്ക്, ഇളനീർ തുടങ്ങിയവ ഉൾപ്പെടെ നാളികേരത്തിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള പദ്ധതികൾ നാളികേര വികസന ബോർഡു വഴി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ബോർഡ് വഴി നടപ്പാക്കുന്ന ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് പദ്ധതി പ്രകാരം നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രോജക്ട് തുകയുടെ 25% പരമാവധി 50 ലക്ഷം രൂപ back ended സബ്സിഡിയായി നൽകുന്നുണ്ട്. |

(ഡി) റബ്ബർ ഉല്പാദക സംഘങ്ങളുടെ മാതൃകയിൽ കേരളത്തിലെ എല്ലാ ജില്ലകളിലും നാളികേര ഉല്പാദക സംഘങ്ങൾ രൂപീകരിക്കാൻ സർക്കാർ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ;

**(ഡി) ആന്റ് (ഇ)**

നിലവിൽ കൃഷി വകുപ്പിൽ ഇത്തരം പദ്ധതികളില്ല. എന്നാൽ നാളികേര വികസന ബോർഡ് ചെറുകിട നാളികേര കർഷകരെ ഏകോപിപ്പിച്ച് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടിനു കീഴിൽ നാളികേര ഉല്പാദനസംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ ഉദ്ദേശിക്കുന്നു.

(എഫ്) പുതു തലമുറയെ ഈ രംഗത്തേക്ക് ആകർഷിക്കാനും തെങ്ങു കയറ്റത്തിന് ആളെ കിട്ടാത്ത അവസ്ഥ ഒഴിവാക്കാനും 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പദ്ധതി എത്രത്തോളം പ്രയോജനകരമാണെന്ന് വിശദമാക്കുമോ ?

(എഫ്) തൊഴിലില്ലാത്ത 5000 ത്തോളം യുവജനങ്ങളെ തെങ്ങ് കയറ്റത്തിനും, തെങ്ങ് പരിചരിക്കുന്നതിനും പ്രാപ്തരാക്കുന്നതിനുവേണ്ടി നാളികേര വികസന ബോർഡ് 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' എന്ന ഒരു ട്രെയിനിംഗ് പ്രോഗ്രാം നടത്തുന്നുണ്ട്. തെങ്ങ് പരിചരിക്കുന്നതിനും തേങ്ങയിടുന്നതിനും 'ഫ്രണ്ട്സ് ഓഫ് കോക്കനട്ട് ട്രീ' എന്ന ബാനറിൽ യുവാക്കളുടെ ഒരു പ്രൊഫഷണൽ ഗ്രൂപ്പ് ഉണ്ടാക്കിയെടുക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഇത്മൂലം തെങ്ങുകയറ്റത്തിനും പരിചരണത്തിനും ഉള്ള തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കാൻ കഴിയും. യുവാക്കൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കാനും ഇതുമൂലം കഴിയും.

R. R. Adiga

സെക്ഷൻ ഓഫീസർ